## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 50 09.03.2015 ൽ മറുപടിക്ക്.

### ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ : | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) പി. എസ്. സി. 2013-ൽ പരീക്ഷ നടത്തി, 2014 മെയ് മാസം ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഐ. സി. ഡി. എസ്. സൂപ്പർ വൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്താൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ ; | (എ) | അപേക്ഷകളുടെ സ്വീകാര്യത നിരുപാധികമാക്കുക, വിജ്ഞാപനം ചെയ്തതിൽ നിന്നും വ്യത്യസ്തമായ യോഗ്യതയുള്ള അപേക്ഷകളുടെ സ്വീകാര്യത പരിശോധിക്കുക, വെരിഫിക്കേഷന് ഹാജരാകാൻ കഴിയാതെ നിവേദനം സമർപ്പിച്ച വർക്ക് വീണ്ടും അവസരം നൽകുക എന്നീ ഔദ്യോഗിക നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കമ്മീഷന്റെ ഉത്തരവ് നേടിയ തിനു ശേഷമേ ഇന്റർവ്യൂ തീയതി നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുക യുള്ളൂ. |
| (ബി) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | 232 ഒഴിവുകൾ. |
| (സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ നടത്തി ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ? | (സി) | നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക്, ഇന്റർവ്യൂ നടത്തി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.